**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/ 7074/2022ആ.വ .ഡ    തീയതി- 03-02-2023

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2023 -ലെ പൊതുസ്ഥലം മാറ്റ മാനദണ്ഡം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: - 1. സ.ഉ.(പി)നമ്പർ.3/2017/ആ.കു.വ. തീയതി. 25.02.2017.

2. സ.ഉ.(ആർ.റ്റി)നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.

മേൽ പരാമർശം സർക്കാർ ഉത്തരവ് (1) പ്രകാരം പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന് പരാമർ ശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. മേൽ പരാമർശം സർക്കാർ ഉത്തരവ് (1) പ്രകാരം സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും അനുസരിച്ച് ഓൺലൈൻ മുഖേനയായിരിക്കും പൊതു സ്ഥലംമാറ്റം നടപ്പിലാക്കുക.

2 . എല്ലാ സ്ഥാപനമേധാവികളും 2 0 2 3 ജനുവരി 3 1 വരെ നടന്ന സ്ഥലംമാറ്റങ്ങളുടെയും സ്ഥാനക്കയറ്റങ്ങളുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. സ്പാർക്കിലെ സേവന വിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപന മേധാവികൾക്കായിരിക്കുമെന്നും, ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് .

3. 2023ഏപ്രിൽ 30 വരെയുള്ള സേവനം കണക്കിലെടുത്തതായിരിക്കും പൊതു സ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുക.

4. സർവ്വീസ് കണക്കാക്കുമ്പോൾ ജീവനക്കാരൻ എടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതന അവധി, ജോലിയിൽ നിന്ന് വിട്ടുനിന്ന ഇതര കാലയളവ് എന്നിവ പരിഗണിക്കുന്നതല്ല. കാലാവധി കണക്കാക്കുന്നത് ജീവനക്കാരൻ പുതിയ സ്ഥലത്ത് ചാർജ്ജെടുത്ത തീയതി മുതലായിരിക്കും.

5. ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള സ്ഥലംമാറ്റങ്ങൾ വകുപ്പ് അദ്ധ്യക്ഷൻ നടത്തിയതിനുശേഷം മാത്രമേ ജില്ലയ്ക്കകത്തുള്ള സ്ഥലം മാറ്റങ്ങൾ നടത്താൻ പാടുള്ളൂ.

6 . എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള തസ്തികകൾ പൊതുവായ സ്ഥലംമാറ്റത്തിനുള്ള ഒഴിവുകൾ ആയി പരിഗണിക്കുന്നതാണ്.

7 . പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള ജില്ലാതല പരാതികൾ ജില്ലാതല ഉദ്യോഗസ്ഥർക്കും സംസ്ഥാനാടിസ്ഥാനത്തിലുള്ള പരാതികൾ വകുപ്പ് തലവനും നേരിട്ട് നൽകാവുന്നതാണ്. ജില്ലാതല സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ

ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. പുനഃപരിശോധന കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിൻമേൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

8 . ആരോഗ്യ വകുപ്പിൽ സംസ്ഥാനതല സ്ഥലംമാറ്റങ്ങളിലുള്ള പരാതികൾ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

9 . വകുപ്പ് അദ്ധ്യക്ഷൻ അടങ്ങുന്ന പുനഃപരിശോധന കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിൻമേൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

10. ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ 3വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകുന്നതാണ്. എന്നാൽ പൊതു താത്പര്യം മുൻനിർത്തി സർക്കാരിന്റെ അനുമതിയോടെ ആവശ്യമെങ്കിൽ സ്ഥലം മാറ്റം നടത്താവുന്നതാണ്.

11. സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസുണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കേണ്ടതാണ്. വിവിധ കേഡറിലുള്ള സർവ്വീസുകൾ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ്. ജീവനക്കാരുടെ ഹോം സ്റ്റേഷനിൽ നിന്നും പുറം സ്ഥാപനത്തിലേക്ക് അവസാനം സ്ഥലംമാറ്റപ്പെട്ടതിനു ശേഷമുള്ള പുറം സ്ഥാപനത്തിലെ തുടർച്ചയായ സേവനകാലം മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുള്ള സർവ്വീസായി പരിഗണിക്കൂ.

12. സ്വന്തം ജില്ല എന്നത് ജീവനക്കാരൻ സർവ്വീസ് പ്രവേശന സമയത്ത് ഓപ്റ്റ് ചെയ്യുതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ ആയിരിക്കും. സർവീസ് കാലയളവിൽ ഒരു തവണ മാത്രമേ ഇത്തരത്തിൽ ഓപ്ഷൻ നൽകി ജില്ലാ മാറുന്നതിനുള്ള അനുവാദമുണ്ടായിരിക്കുകയുള്ളൂ.

13. പ്രമോഷൻ സ്വമേധയാ വേണ്ടെന്നുവെയ്ക്കുന്നവരെ (റിലിംക്വിഷ്.മെന്റ്) സ്ഥലംമാറ്റ മാനദണ്ഡത്തിൽ നിന്നും ഒഴിവാക്കുന്നതല്ല.

14 . ഡെപ്യൂട്ടേഷൻ (ഫോറിൻ സർവ്വീസ്) കാലാവധി സ്ഥലംമാറ്റത്തിനായി പരിഗണിക്കപ്പെടുന്ന സർവ്വീസിന് ഉൾപ്പെടുത്തുകയില്ല.

15. പെൻഷന് രണ്ട് വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകേണ്ടതാണ്. (വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക).

16. ജീവനക്കാരുടെ ആശ്രിതനോ, ബന്ധുക്കളോ മറ്റാരെങ്കിലുമോ നൽകുന്ന അപേക്ഷകൾ കയ്യോടെ നിരസിക്കേണ്ടതാണ്.

17. പരസ്പരം സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

18. അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് മുൻഗണന ആവശ്യപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവിയ്ക്ക് നൽകി സ്ഥാപന മേധാവി ആയത് ഉറപ്പുവരുത്തിയ ശേഷമേ അപേക്ഷ ഫോർവേഡ് ചെയ്യാൻ പാടുള്ളൂ.

**<u>സഹതാപാർഹമായ സാഹചര്യങ്ങൾ</u>**

1. ഗുരുതരമായ അസുഖമോ (ഗുരുതര രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം , പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്യുവർ അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടത്തേയോ തുടർന്ന് ഒരു ഉദ്യോഗസ്ഥന് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയും പരസഹായം അത്യന്താപേക്ഷിതമാവുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ

2. വിദഗ്ദ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുമ്പോൾ

3 . ഉദ്യോഗസ്ഥന്റെ ഭാര്യക്കോ (ഉദ്യോസ്ഥയാണെങ്കിൽ ഭർത്താവിനോ) പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന മകനോ മകൾക്കോ ഗുരുതരമായ രോഗം പിടിപ്പെട്ട് ചികിത്സയിൽ കഴിയുമ്പോൾ ടിയാന്റെ /ടിയാളുടെ സാന്നിദ്ധ്യവും നേരിട്ടുള്ള പരിചരണവും രോഗിക്ക് നിർബന്ധമാണെന്ന് ബോധ്യപ്പെട്ടതായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ.

/24695/2023

19. മലയോര/ട്രൈബൽ സ്റ്റേഷൻ/ വിദൂര സ്റ്റേഷൻ/ എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ രണ്ട് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്. തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസ് ആയി പരിഗണിക്കുന്നതാണ് രണ്ട് വർഷത്തിൽ കുറവ് സർവ്വീസ് ഉള്ളവർക്ക് ഈ ആനുകൂല്യം ബാധകമാകുകയില്ല.

<u>ബുദ്ധിമുട്ടുള്ള പ്രദേശം</u>

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | പി.എച്ച്.സി.അമ്പൂരി |
| 2 | കൊല്ലം | 1 | പി.എച്ച്.സി. അച്ചൻകോവിൽ |
| | | 2 | പി.എച്ച്.സി. തെൻമല |
| 3 | പത്തനംതിട്ട | 1 | പി.എച്ച്.സി.കാക്കത്തോട് |
| | | 2 | പി.എച്ച്.സി.താന്നിത്തോട് |
| | | 3 | പി.എച്ച്.സി. സീതത്തോട് |
| 4 | ആലപ്പുഴ | 1 | പി.എച്ച്.സി. പെരുമ്പളം |
| 5 | കോട്ടയം | | ഇല്ല |
| 6 | എറണാകുളം | 1 | പി.എച്ച്.സി.വലന്തക്കാട് |
| | | 2 | പി.എച്ച്.സി.കുട്ടമ്പുഴ |
| | | 3 | പി.എച്ച്.സി. അയ്യമ്പുഴ |
| 7 | തൃശ്ശൂർ | 1 | പി.എച്ച്.സി. വെറ്റിലപ്പാറ |
| | | 2 | പി.എച്ച്.സി. വരവൂർ |
| | | 3 | പി.എച്ച്.സി. ചിമ്മിനി ഡാം |
| 8 | പാലക്കാട് | 1 | പി.എച്ച്.സി.ഷോളയാർ |
| | | 2 | പി.എച്ച്.സി. പറമ്പിക്കുളം |
| | | 3 | പി.എച്ച്.സി. അഗളി |
| 9 | കോഴിക്കോട് | 1 | പി.എച്ച്.സി. വാണിമേൽ |
| | | 2 | പി.എച്ച്.സി. കുണ്ടുതോട് |
| | | 3 | പി.എച്ച്.സി. നരിപ്പറ്റ |
| 10 | കണ്ണൂർ | 1 | പി.എച്ച്.സി. കേളകം |
| | | 2 | പി.എച്ച്.സി. പെരുവ |
| | | 3 | പി.എച്ച്.സി. കരിക്കോട്ടക്കരി |
| | | 4 | പി.എച്ച്.സി. ചന്ദനക്കാംപാറ |

| | | | |
|---|---|---|---|
| | | 5 | പി.എച്ച്.സി. അങ്ങാടിക്കടവ് |
| | | 6 | പി.എച്ച്.സി. എരുവാശ്ശേരി |
| 11 | മലപ്പുറം | 1 | പി.എച്ച്.സി. കരമ്പാൻക്ലോട് |
| | | 2 | പി.എച്ച്.സി. ചെക്കാട് |
| | | 3 | പി.എച്ച്.സി. വെട്ടത്തൂർ |
| | | 4 | പി.എച്ച്.സി. പൊൻമല |
| | | 5 | പി.എച്ച്.സി. മുത്തേട |
| | | 6 | പി.എച്ച്.സി. ചാത്തല്ലൂർ |
| 12 | വയനാട് എല്ലാ പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളും | | |
| 13 | ഇടുക്കി (ജില്ലാ താലൂക്ക് ആസ്ഥാനങ്ങൾ ഒഴികെ) | | |
| 14 | കാസർഗോഡ് | | |

20. സ്ഥലംമാറ്റം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധിക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഇത് ലംഘിക്കുന്നവർക്ക് എതിരെ ഉടനടി നിയമനാധികാരി അച്ചടക്ക നടപടി സ്വീകരിച്ച് തൊട്ടടുത്ത മേലധികാരിയെ അറിയിക്കേണ്ടതാണ്.

21. കരട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനോ/അനുവദിക്കപ്പെട്ട സ്റ്റേഷനിൽ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ , ടി ജീവനക്കാർക്ക് അറിയിപ്പ് നൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യുന്നതാണ്. ഇത് ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് ബന്ധപ്പെട്ട അധികാരി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22. പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കുന്നവരേയ്ക്കും മറ്റ സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ പാടില്ല.

**<u>ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ</u>**

1. ഓൺലൈൻ മുഖാന്തിരം ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലംമാറ്റം നടത്തുന്നതിന് **www.spark.gov.in/webspark** എന്ന സൈറ്റിൽ പേയി Application for General Transfer എന്ന ഓപ്ഷൻ തുറക്കുക.

2. അപേക്ഷകന്റെ പെൻ നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷാ ഫോറം ലഭ്യമാകുന്നതാണ്.

3. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി/സെലക്റ്റ് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി declarationഅംഗീകരിക്കുക. അതിനു ശേഷം അതിനു താഴെയുള്ള OTP (One Time Password)-ൽ verify ബട്ടൻ click ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരുവിധ തിരുത്തലും സാദ്ധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വവും അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.

4. അതിനു ശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ ആഫീസിൽ സമർപ്പിക്കുക. ഈ സൗകര്യം ജീവനക്കാർക്ക് 06/02/2023 മുതൽ 20/02/2023-ന് വൈകുന്നേരം 5.00 മണി വരെ മാത്രമേ ലഭ്യമാകുകയുള്ളൂ. ഈ തീയതികളിൽ മാറ്റമുണ്ടാകുന്നതല്ല

5. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ വരുത്തി ജില്ലാ മെഡിക്കൽ ആഫീസർക്ക് 25/02/2023 -ന് വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

6 . ജില്ലാ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്ന സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 10/03/2023 -ന് വൈകുന്നേരം 5.00 മണി ആണ്.

7. 30.3.2023-ന് കരട് പട്ടിക പ്രസിദ്ധികരിക്കുകയും, കരടിന്മേൽ 05.04.2023 -തീയതി വരെ പരാതി സമർപ്പിക്കുകയും ചെയാവുന്നതാണ്. 30.04.2023-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

8. എല്ലാ ജീവനക്കാരും ആഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ വിധം സ്പാർക്ക് മുഖാന്തിരമാണ് Online ആയി സമർപ്പിക്കേണ്ടത്.

9 . ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

10 . സ്പാർക്കിൽ ജീവനക്കാരുടെ service history-ൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വമാണ്. സർവ്വീസ് ബുക്കിലെ കോൺടാക്റ്റ് വിവരത്തിൽ ചേർത്തിരിക്കുന്ന വിലാസത്തിൽ നൽകിയിരിക്കുന്ന ജില്ലയാണ് നേറ്റീവ് ജില്ലയായി പരിഗണിക്കുന്നത്.

11. ജീവനക്കാർ സ്പാർക്ക് മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷകൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചാൽ മാത്രമേ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേയ്ക്കായി എല്ലാ ആഫീസിലെയും ആഫീസ് ലോഗിനിൽ Service Matter-ൽ Online Transfer request-DHS-Online application-proceeding at office select ചെയ്ത് ക്രമനമ്പർ 22 മുതലുള്ള കാര്യങ്ങൾ സെലക്ട് ചെയ്ത് ജില്ല മെഡിക്കൽ ആഫീസർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. comment നൽകാനുള്ള കോളത്തിൽ മേൽ പറഞ്ഞ അപേക്ഷയിൽ സർവ്വീസ് ബുക്കുമായി ഒത്തു നോക്കിയപ്പോൾ കാണുന്ന വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നൽകാവുന്നതും കൺട്രോളിംഗ് ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്താവുന്നതുമാണ്. ജില്ല മെഡിക്കൽ ഓഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ല മെഡിക്കൽ ഓഫീസർ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

12. ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ഈ ഓഫീസിലെ ഇ .എച്ച് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പർ -04712519266

ADDITIONAL DIRECTOR OF HEALTH SERVICES

ഡോ. നന്ദകുമാർ.കെ.വി

ആരോഗ്യവകുപ്പ് ഡയറക്ടർ i/c

സ്വീകർത്താവ് :-എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :-ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്